(ബി) കർഷകത്തൊഴിലാളി പെൻഷന്റെ കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ സംസ്ഥാന വിഹിതം വർദ്ധിപ്പിച്ചുകൊണ്ട് കർഷക തൊഴിലാളി പെൻഷൻ തുക വർദ്ധിപ്പിച്ചു നൽകുമോ?

ഉത്തരം

(എ) 31-7-2002 വരെയുള്ള കർഷകത്തൊഴിലാളി പെൻഷൻ വിതരണം ചെയ്തു കഴിഞ്ഞു. 1-8-2002 മുതൽ 31-10-2002 വരെയുള്ള ഒരു ഗഡു പെൻഷൻ വിതരണം ചെയ്യുന്നതിന് 1-6-2004-ലെ ജി.ഒ.(ആർ.ടി.) 1516/04/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം തുക അനുവദിച്ചു നൽകിയിട്ടുണ്ട്. 1-11-2002 മുതൽ 31-5-2004 വരെ 19 മാസത്തെ പെൻഷൻ കുടിശ്ശിക നൽകാനുണ്ട്.

(ബി ആന്റ് സി) കർഷകത്തൊഴിലാളി പെൻഷൻ നൽകുന്നതിന് കേന്ദ്ര സഹായം ലഭിക്കുന്നില്ല. പൂർണ്ണമായും സംസ്ഥാന സർക്കാർ അനുവദിക്കുന്നതാണ്. സംസ്ഥാന സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ കർഷക തൊഴിലാളി പെൻഷൻ തുക വർദ്ധിപ്പിച്ചു നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കരകൗശല വൈദഗ്ദ്ധ്യങ്ങൾ പരിരക്ഷിക്കാൻ നടപടി

99 [553] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശ്വകർമ്മ സമുദായ അംഗങ്ങളെ പരമ്പരാഗത വിദഗ്ദ്ധ തൊഴിലാളി സമൂഹമായി പ്രഖ്യാപിച്ച് അവരുടെ പരിരക്ഷ ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) ഇവരിൽ പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ നടപടികൾ സ്വീകരിക്കുമോ;

(ഡി) വിശ്വകർമ്മ സമുദായംഗങ്ങളിൽ നിലനിന്നിരുന്ന അപൂർവ്വ കരകൗശല വൈദഗ്ദ്ധ്യങ്ങളിൽ ചിലത് നഷ്ടപ്പെട്ടു വരുന്നുവെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അവ പരിരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികജാതി /പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 27-11-2003-ലെ ജി.ഒ.(പി) നം. 76/03/പജപവവിവ നമ്പർ ഉത്തരവു പ്രകാരം വിശ്വകർമ്മ സമുദായത്തെ പരമ്പരാഗത തൊഴിൽ സമുദായമായി അംഗീകരിച്ചുത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ പ്രസ്തുത അംഗീകാരം വഴി വിശ്വകർമ്മ സമുദായം ഒന്നാകെ സമുദായത്തിന്റെ പേരിൽ ക്രിമിലയറിൽനിന്നും ഒഴിവാകുന്നില്ല എന്നും ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

(ബി—ഇ) വിശ്വകർമ്മ സമുദായത്തെ പരമ്പരാഗത തൊഴിൽ സമുദായമായി അംഗീകരിച്ച സ്ഥിതിക്ക് ചോദ്യങ്ങൾക്ക് പ്രസക്തിയില്ല.

ലേബർ കോടതികൾ

100 [554] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ലേബർ കോടതികൾ പ്രവർത്തിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(ബി) ഈ കോടതികളിൽ എല്ലാം കൂടി തീർപ്പ് കൽപ്പിക്കുന്നതിനായി എത്ര കേസ്സുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) രണ്ടു വർഷത്തിനുമേൽ പഴക്കമുള്ള കേസുകൾ എത്ര എണ്ണമുണ്ടെന്ന് അറിയിക്കുമോ;

(ഡി) 5 വർഷത്തിനുമേൽ പഴക്കമുള്ള തൊഴിൽ കേസുകൾ എത്രയെണ്ണം അവശേഷിക്കുന്നുവെന്ന് അറിയിക്കാമോ;

(ഇ) ഏറ്റവും കൂടുതൽ കാലപ്പഴക്കമുള്ള കേസുകൾ ഏതൊക്കെ ലേബർ കോടതികളിലാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) - '4'.

(ബി) - '2156'.

(സി) - '1260'.

(ഡി) - '572'.

(ഇ) കണ്ണൂർ, കൊല്ലം എന്നീ ലേബർ കോടതികളിൽ.

ചുമട്ട് തൊഴിലാളി നിയമം

101 [555] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സിൽ ചുമട്ടുതൊഴിലാളി നിയമം ബാധകമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly